**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **07-02-2023 - ൽ മറുപടിയ്ക്ക്**

**കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഓഫീസുകൾ താൽക്കാലികമായി സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിരുന്നോ; | (എ) | കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി ടി ഓഫീസുകൾ താൽക്കാലികമായി വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച പ്രതിമാസ വാടക എത്രയായിരുന്നു; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം ചെറുവണ്ണൂർ വില്ലേജ് ഓഫീസിന്റെ പ്രതിമാസ വാടക നിരക്ക് 23.07.2018 മുതൽ 25.03.2019വരെ 12,759/- രൂപയും, 26.03.2019 മുതൽ 22.02.2021 വരെ 12,301/- രൂപയും കീഴരിയൂർ വില്ലേജ് ഓഫീസിന്റെ പ്രതിമാസ വാടക 26.06.2019 മുതൽ 9,930/- രൂപയാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | എത്ര കാലത്തേയ്ക്കാണ് പ്രസ്തുത കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തതെന്ന് വ്യക്തമാക്കാമോ; എത്ര കാലം പ്രസ്തുത ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയായി ഉപയോഗ യോഗ്യമാകുന്നത് വരെയുള്ള കാലത്തേക്കാണ് വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിച്ചിട്ടുള്ളത്.<br><br>ചെറുവണ്ണൂർ വില്ലേജ് ഓഫീസ് 23.07.2018 മുതൽ 22.02.2021 വരെയും, കീഴരിയൂർ വില്ലേജ് 26.06.2019 മുതൽ 04.12.2020 വരെയും ആണ് സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായതിനാൽ നിലവിൽ സ്വന്തം കെട്ടിടത്തിലാണ് ടി വില്ലേജുകൾ പ്രവർത്തിക്കുന്നത്. |
| (ഡി) | കെട്ടിട ഉടമസ്ഥർക്ക് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച വാടക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വാടക പൂർണ്ണമായി എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാടക അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ചെറുവണ്ണൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ച സ്വകാര്യ കെട്ടിടത്തിന്റെ ഉടമസ്ഥന് 23.07.2018 മുതൽ 26.03.2020 വരെയുള്ള വാടകയായി 2,50,507/- രൂപ നൽകിയിട്ടുണ്ട്. അവശേഷിച്ച തുക അനുവദിക്കുന്ന കാര്യത്തിൽ നടപടികൾ പുരോഗമിക്കുകയാണ്. കീഴരിയൂർ വില്ലേജ് ഓഫീസിന്റെ വാടക നിശ്ചയിച്ച് അനുമതി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കി ഉടമസ്ഥന് വാടക അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ നിയമതടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ